ഈ കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രഖ്യാപിച്ച പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും ചെലവും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:

ക്രമ നമ്പർ	പദ്ധതി	വർഷം	അനുവദിച്ച തുക	ചെലവ്
1.	വന്ധ്യത നിവാരണ പദ്ധതി	2014-15	10 കോടി	5.42 കോടി
2.	അവയവദാന പദ്ധതി	2013-14	5 കോടി	4.99 കോടി
		2014-15	3 കോടി	2.75 കോടി
		2015-16	1.50 കോടി	75 ലക്ഷം
3.	ബേൺസ് യൂണിറ്റ് സ്ഥാപിക്കൽ	2013-14	5 കോടി	5 കോടി
		2014-15	10 ലക്ഷം	2 ലക്ഷം
		2015-16	3.20 കോടി	30 ലക്ഷം
4.	എമർജൻസി&ക്രിട്ടിക്കൽ കെയർ പദ്ധതി	2012-13	25 കോടി	25 കോടി
		2013-14	18 കോടി	18 കോടി
		2014-15	40 ലക്ഷം	40 ലക്ഷം
		2015-16	50 ലക്ഷം	50 ലക്ഷം
5.	ഓങ്കോളജി&ടെർഷ്യറി കെയർ പദ്ധതി	2013-14	7 കോടി	7 കോടി
		2014-15	7.45 കോടി	7.45 കോടി
		2015-16	20 കോടി	

ആരോഗ്യമേഖലയ്ക്ക് ബഡ്ജറ്റിൽ നീക്കി വച്ച തുക

119(2588) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി ആരോഗ്യമേഖലയ്ക്ക് നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ എത്ര തുക നീക്കിവച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുകയിൽ നിന്ന് ഇതുവരെ എത്ര തുക എന്തെല്ലാം പ്രവൃത്തികൾക്കായി ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ നിലനിർത്തുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി ആരോഗ്യമേഖലയ്ക്ക് നടപ്പുസാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ 63,915 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്.

(ബി) ആരോഗ്യവകുപ്പിൽ 23-11-2015 വരെ 13,726 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

ചുവടെ ചേർത്തിരിക്കുന്ന പദ്ധതികൾക്കാണ് ടി തുക ചെലവഴിച്ചിട്ടുള്ളത്:

1. മെന്റൽ ഹെൽത്ത് സെന്റർ, തിരുവനന്തപുരം
2. മെന്റൽ ഹെൽത്ത് സെന്റർ, തൃശ്ശൂർ
3. മെന്റൽ ഹെൽത്ത് സെന്റർ, കോഴിക്കോട്
4. ഫിസിക്കൽ മെഡിസിൻ & റീഹാബിലിറ്റേഷൻ
5. ഇംപ്രൂവ്മെന്റ് ഓഫ് ഡെന്റൽ യൂണിറ്റ്സ്
6. ഡിപ്.എൻ.ബി
7. ബ്ലഡ് ബാങ്കുകൾ
8. ജില്ലാ മാനസികാരോഗ്യ പരിപാടി
9. ആന്റി സോഷ്യൽ എലമെന്റ്സ്/പ്രൊട്ടക്ഷൻ ടു വിക്ടിംസ് ഡ്യൂ ടു വയലൻസ്
10. മെറ്റേണിറ്റി യൂണിറ്റുകൾ സ്ഥാപിക്കൽ
11. 108 ആംബുലൻസ്
12. കാത്ത് ലാബ് സ്ഥാപിക്കൽ
13. ഹെൽത്ത് ട്രാൻസ്പോർട്ട്
14. ഡബ്ല്യൂ.എസ്.എൽ.ഡി.
15. എൻ.എച്ച്.എം. സംസ്ഥാന വിഹിതം
16. നഴ്സിംഗ് സ്കൂളുകൾ

17. മെഡിക്കൽ റിക്കോർഡ് ലൈബ്രറികൾ ശക്തിപ്പെടുത്തൽ
18. ന്യൂട്രീഷൻ റിസർച്ച് യൂണിറ്റ്
19. ഹെൽത്ത് & ഫാമിലി ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്
20. പാവപ്പെട്ടവർക്കുള്ള ധനസഹായം (ചികിത്സയ്ക്ക്)
21. പകർച്ചവ്യാധി നിയന്ത്രണം
22. പകർച്ചവ്യാധി അല്ലാത്ത രോഗങ്ങളുടെ നിയന്ത്രണം
23. ക്യാൻസർ കെയർ പ്രോഗ്രാം
24. ആരോഗ്യ കിരണം
25. ജലജന്യരോഗങ്ങൾ
26. ആന്റിറാബിസ് ക്യാമ്പയിൻ
27. പബ്ലിക് ഹെൽത്ത് ലാബുകൾ
28. ന്യൂബോൺ സ്ക്രീനിംഗ് പ്രോഗ്രാം
29. ന്യൂട്രീഷൻ ബ്യൂറോ
30. സൊസൈറ്റി ഫോർ റീ-ഹാബിലിറ്റേഷൻ ഓഫ് കൊഗ്നിറ്റീവ് & കമ്മ്യൂണിക്കേറ്റീവ് ഡിസോർഡേഴ്സ്.

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ വിവിധ പദ്ധതികൾക്കായി 277.57 കോടി രൂപ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക ചെലവാക്കുന്ന പദ്ധതികൾ ഇപ്രകാരമാണ്.

എസ്.ബി.എം.ആർ.	-	1.80 കോടി
വേസ്റ്റ് ട്രീറ്റുമെന്റ്	-	1.60 കോടി
മെറ്റേണൽ & ചൈൽഡ് ഹെൽത്ത്	-	1.40 കോടി
പി.എം.എസ്.എസ്.വൈ.	-	5.75 കോടി
തിരുവനന്തപുരം, കോഴിക്കോട്		
കാത്ത് ലാബ് തൃശ്ശൂർ	-	2 കോടി

LIBRARY ARCHIVES Kerala Legislative Assembly

മൾട്ടി ഡിസിപ്ലിനറി റിസർച്ച് ലാബ്	-	2 കോടി
വന്ധ്യതാ നിവാരണ യൂണിറ്റ്	-	3.12 കോടി
കോഴിക്കോട് ടെർഷ്യറി കെയർ ക്യാൻസർ സെന്റർ	-	9.19 കോടി
വയനാട് ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട്	-	1.90 കോടി
ഹരിപ്പാട് മെഡിക്കൽ കോളേജ്	-	15 കോടി

എൻ.ആർ.എച്ച്.എം. 70 കോടി രൂപ താഴെ കാണുന്ന പദ്ധതികൾക്കായി ചെലവഴിക്കുന്നു:

1. മാതൃ ആരോഗ്യ പദ്ധതി
2. ജനനി സുരക്ഷാ യോജന
3. മാതൃമരണ ആഡിറ്റ് നടപ്പാക്കുക
4. ജനനി ശിശു സുരക്ഷാ കാര്യക്രമം
5. നവജാതശിശുക്കളുടെ സ്ക്രീനിംഗ് പ്രോഗ്രാം
6. ശിശു ആരോഗ്യപദ്ധതി
7. വിദ്യാലയ ആരോഗ്യ പദ്ധതി
8. രാഷ്ട്രീയ ബാൽ സ്വാസ്ഥ്യകാര്യക്രം
9. ഇമ്മ്യൂണൈസേഷൻ
10. കുടുംബക്ഷേമ പദ്ധതി
11. കൗമാര ആരോഗ്യ പദ്ധതി
12. നഗരമേഖലയിലെ പ്രജനന ശൈശവ ആരോഗ്യപദ്ധതി
13. ആദിവാസി മേഖലയിലെ ആരോഗ്യപദ്ധതി
14. പി.എൻ.ഡി.ടി. ആക്ട് നടപ്പാക്കുക
15. ആരോഗ്യപരിശീലനം
16. ആരോഗ്യമേഖലയിലെ മാനവശേഷി വികസനം

GPM. 2/242/2020-28

LIBRARY ARCHIVES Kerala Legislative Assembly

17. അംഗീകൃത സാമൂഹിക ആരോഗ്യപ്രവർത്തക (ആശ) പദ്ധതി

18. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് ഉപാധിരഹിത ഫണ്ട്

19. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യ കേന്ദ്രം എന്നിവയ്ക്ക് ആശുപത്രി നിർവ്വഹണ സമിതി ഗ്രാന്റ്

20. ആശുപത്രികൾ, സാമൂഹിക ആരോഗ്യകേന്ദ്രം, പ്രാഥമിക ആരോഗ്യകേന്ദ്രം, ഉപകേന്ദ്രം എന്നിവയ്ക്ക് അറ്റകുറ്റപ്പണികൾക്കുള്ള ഗ്രാന്റ്

21. ആശുപത്രികളുടെ നവീകരണവും കെട്ടിട നിർമ്മാണവും

22. ആശുപത്രി ഉപകരണങ്ങൾ ലഭ്യമാക്കൽ

23. ആശുപത്രികളിൽ ക്വാളിറ്റി അഷ്വറൻസ് പദ്ധതി നടപ്പാക്കുക

24. ആയുഷ് പദ്ധതി

25. ആരോഗ്യ ബോധശീലവൽക്കരണ പ്രവർത്തനങ്ങൾ

26. പദ്ധതിയുടെ മേൽനോട്ടവും അവലോകനവും

27. ആരോഗ്യവിവര ശേഖരണ പദ്ധതി (എച്ച്.എം.ഐ.എസ്.)

28. റേഡിയോ ഹെൽത്ത്

29. ജീവിതശൈലീരോഗനിയന്ത്രണ പദ്ധതി

30. അയഡിൻ കുറവുമൂലമുണ്ടാകുന്ന രോഗനിയന്ത്രണ പദ്ധതി

31. സംയോജിത രോഗ അവലോകന പദ്ധതി

32. ദേശീയ ജന്തുജന്യ രോഗ നിയന്ത്രണ പദ്ധതി

33. ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി

34. ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി

35. സമഗ്ര ആരോഗ്യ പദ്ധതി.

LIBRARY ARCHIVES Kerala Legislative Assembly

റീജിയണൽ ക്യാൻസർ സെന്റർ 5,350 ലക്ഷം രൂപ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നു.

മലബാർ ക്യാൻസർ സെന്റർ 2,700 ലക്ഷം രൂപ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നു.

കേരള ആരോഗ്യ സർവ്വകലാശാല 2,000 ലക്ഷം രൂപ മൂന്നു പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ വകുപ്പ് 715 ലക്ഷം രൂപ മൂന്നു പദ്ധതികൾക്കായി ചെലവഴിച്ചുവരുന്നു.

ഡ്രഗ്സ് കൺട്രോൾ വകുപ്പ് 660 ലക്ഷം രൂപ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ചു വരുന്നു.

ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബറ്റിസ് 100 ലക്ഷം രൂപ പദ്ധതിക്കായി ചെലവഴിച്ചുവരുന്നു.

ചൈൽഡ് ഡെവലപ്മെന്റ് സെന്റർ 150 ലക്ഷം രൂപ രണ്ടു പദ്ധതികൾക്കായി ചെലവഴിച്ചു വരുന്നു.

ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനം

120(2589) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിൽ ആശ്രിത നിയമനത്തിനായി എത്ര അപേക്ഷകർ നിലവിലുണ്ടെന്ന് പേരും മേൽവിലാസവും സഹിതം വിശദമാക്കുമോ;

(ബി) ഉത്തരവു നൽകിയിട്ടും നിയമനം ലഭിക്കാത്ത എത്ര പേരുണ്ടെന്നും അവരുടെ പേരും നിയമനം നൽകാത്തതിന്റെ കാരണവും വിശദമാക്കുമോ?

ഉത്തരം

(എ) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പുമായി ബന്ധപ്പെട്ട ആശ്രിത നിയമനത്തിന് അപേക്ഷ സമർപ്പിച്ചവരുടെ പേരും മേൽവിലാസവും അനുബന്ധം ആയി ചേർത്തിരിക്കുന്നു.* ആരോഗ്യ വകുപ്പിൽ 53 അപേക്ഷകൾ ഉണ്ട്. വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

(ബി) വിശദവിവരം അനുബന്ധം ആയി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly